പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3573

15.03.2018 ൽ മറുപടിക്ക്

## പ്രകൃതിദത്ത ധാതുഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.ഉമ്മർ | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ധാതുനിക്ഷേപങ്ങൾ മൂല്യവർദ്ധനവിലൂടെ കൂടുതൽ പ്രയോജന പ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി തയ്യാറാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) കേരള തീരത്തെ ധാതു മണലിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതിന് റിയാബ് ചെയർമാൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ സർക്കാർ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി പ്രാഥമിക മാർക്കറ്റ് പഠനത്തിനുശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർ നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) പ്രസ്തുത പദ്ധതി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പുറമെ മറ്റേതെങ്കിലും ഏജൻസികൾ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) ഉദ്ദേശിക്കുന്നില്ല. |
| (സി) പ്രകൃതിദത്ത ധാതു ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന്റെ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (സി) പ്രകൃതിദത്ത ധാതു ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ